"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം എൻ.എച്ച് ബൈപ്പാസ് റോഡ് വികസനത്തിനായി എൽ.എ.സി. 312/2007 പ്രകാരം ഭൂമി ഏറ്റെടുത്തിരുന്നതിന് പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരമുള്ള അവാർഡ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ആർ.ഇ)വകുപ്പ്

സ.ഉ.(സാധാ) നം.2078/2026/LSGD തീയതി,തിരുവനന്തപുരം, 03-11-2026

പരാമർശം:-

1. ജി.ഒ(പി)നം. 32/2019/ധന തീയതി, 18.03.2019
2. ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ 617/2009 നമ്പർ കേസിന്മേലുള്ള 31.01.2015-ലെ വിധിന്യായം
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30.06.2026 തീയതിയിലെ ഡി.സി.ടി.വി.എം/6931/2026-കെ16 നമ്പർ നടപടിക്രമം
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15.07.2026 തീയതിയിലെ ടിഡ/169/2026-എ3 നമ്പർ കത്ത്

ഉത്തരവ്

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം എൻ.എച്ച് ബൈപ്പാസ് റോഡ് വികസനത്തിനായി എൽ.എ.സി 312/2007 പ്രകാരം വസ്തു ഏറ്റെടുത്തിരുന്നതിന്, സമാനവിഷയത്തിലുള്ള എൽ.എ.ആർ 617/2009 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനായി, പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരം ശ്രീ. വിജോയി എബ്രഹാം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 34,05,333/- രൂപ (മുപ്പത്തിനാല് ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 4 പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം എൻ.എച്ച് ബൈപ്പാസ് റോഡ് വികസനത്തിനായി എൽ.എ.സി. 312/2007 പ്രകാരം, തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ സർവെ നം. 53, ബ്ലോക്ക് നം. 15, എൽ.എ. റീസർവെ നം. 121 - ൽ ഉൾപ്പെട്ട 0.65 ആർ ഭൂമി ഏറ്റെടുത്തിരുന്നതിന്, ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ 617/2009 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പൊന്നുംവില നിയമം 1894, സെക്ഷൻ 28എ പ്രകാരം തിരുവനന്തപുരം

ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ **34,05,333/- രൂപ (മുപ്പത്തിനാല് ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം)** ശ്രീ. വിജോയി എബ്രഹാം **(S/o** കെ.ജി എബ്രഹാം, റ്റി സി**1/1383,** കൽപ്പകശ്ശേരിൽ, പൂന്തി റോഡ്, കുമാരപുരം, മെഡിക്കൽ കോളേജ് പി ഒ, തിരുവനന്തപുരം)-ന് **'4217-60-800-93 Payment of Compensation in LAR Cases (Plan-Charged)'** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. വിജോയി എബ്രഹാം, **S/o** കെ.ജി എബ്രഹാം, റ്റി സി**1/1383,** കൽപ്പകശ്ശേരിൽ, പൂന്തി റോഡ്, കുമാരപുരം, മെഡിക്കൽ കോളേജ് പി ഒ, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ) തിരുവനന്തപുരം.
സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജനറൽ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ**1/136/2026**/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 04-11-2026
10:58:12

സെക്ഷൻ ഓഫീസർ